**No. CEE/1122/3LLB-2021/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## ത്രിവത്സര എൽഎൽ.ബി കോഴ്സ് പ്രവേശനം– 2021

### ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള ഓൺലൈൻ അലോട്ട്മെന്റ് പുതുതായി ഓപ്ഷനുകൾ ക്ഷണിക്കുന്നു.

സംസ്ഥാനത്തെ സർക്കാർ ലോ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2021–22 അധ്യയന വർഷത്തെ ത്രിവത്സര എൽഎൽ.ബി കോഴ്സിൽ നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള ഓൺലൈൻ അലോട്ട്മെന്റ് നടപടികൾ 2021 നവംബർ 15 ന് ആരംഭിക്കുന്നു.

ഒഴിവുകൾ നികത്തുന്നതിനായി നടത്തപ്പെടുന്ന ഈ ഓൺലൈൻ അലോട്ട്മെന്റിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരമുള്ള യോഗ്യത നേടിയിട്ടുള്ളതുമായ എല്ലാ വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. ഈ ഘട്ടത്തിലെ അലോട്ട്മെന്റ് പ്രകാരം പുതുതായി പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റുകൾ വഴി ലഭിച്ച പ്രവേശനം റദ്ദാകുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റുകളിൽ പങ്കെടുക്കുന്നതിന് രജിസ്റ്റർ ചെയ്ത ഓൺലൈൻ ഓപ്ഷനുകൾ ഈ ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് മാറ്റം ലഭിക്കുന്നപക്ഷം പുതുതായി ഒഴിവുവരുന്ന സീറ്റുകളും ഈ അലോട്ട്മെന്റിൽ തന്നെ നികത്തപ്പെടുന്നതിനാൽ വിദ്യാർത്ഥികൾ പ്രവേശനം നേടാൻ താത്പര്യമുള്ള എല്ലാ കോഴ്സ്/കോളേജിലേയ്ക്കും ഓപ്ഷനുകൾ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

| | |
|---|---|
| **15.11.2021** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| **18.11.2021**<br>**(ഉച്ചയ്ക്ക് 2.00 മണി)** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **19.11.2021** | അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **23.11.2021, 3.00 മണി വരെ** | കോളേജിൽ പ്രവേശനം നേടുവാനുള്ള അവസാന തീയതി |

ഈ ഘട്ട അലോട്ട്മെന്റിലെയ്ക്ക് ഓൺലൈൻ ഓപ്ഷൻ നിർബന്ധമാണ്. അലോട്ട്മെന്റിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ 'Three Year LL.B 2021- Candidate Portal'എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ 'Option Registration-Vacancy filling' എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് 15.11.2021 മുതൽ 18.11.2021 **ഉച്ചയ്ക്ക് 2.00 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ് ക്ലോസ് 18 പ്രകാരമുള്ള അസ്സൽ രേഖകളുമായി 23.11.2021 വൈകുന്നേരം 3.00 ന് മുമ്പായി ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത്, ട്യൂഷൻഫീസ്, മറ്റ് ഫീസുകൾ ഡെപ്പോസിറ്റ് (ബാധകമെങ്കിൽ), ഒടുക്കേണ്ടതുണ്ടെങ്കിൽ അവ കോളേജിൽ ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും G.O.(MS)No.25/2005/SCSTDD തീയതി 20.06.2005, എന്ന സർക്കാർ ഉത്തരവ് അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ശ്രീചിത്രാഹോം/നിർഭയഹോം/ജുവനൈൽഹോം അന്തേവാസികൾ എന്നിവർ ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് 23.11.2021 വൈകുന്നേരം 4 മണിയ്ക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

**കുറിപ്പ്:**

1. ഈ ഘട്ടത്തിലെ അലോട്ട്മെന്റ് പ്രകാരം പുതുതായി പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റുകൾ വഴി ലഭിച്ച പ്രവേശനം റദ്ദാകുന്നതാണ്.
2. സർക്കാർ/സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിൽ ഈ ഘട്ട അലോട്ട്മെന്റിനുശേഷം നിലനിൽക്കുന്ന ഒഴിവുകൾ (ഉണ്ടെങ്കിൽ) അവയിലേക്ക് ബന്ധപ്പെട്ട കോളേജ് അധികൃതർക്ക് പ്രോസ്പെക്ടസ് ക്ലോസ് 16 പ്രകാരം പ്രവേശനം അനുവദിക്കാവുന്നതാണ്. ഇതു സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471–2525300**



തിരുവനന്തപുരം
11 .11.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**